പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2065 23.03.2012-ൽ മറുപടിയ്ക്ക്

കേന്ദ്ര വൈദ്യുതി വിഹിതം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കനത്ത വൈദ്യുതി പ്രതിസന്ധി നേരിടുമ്പോൾ സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര വൈദ്യുതി വിഹിതത്തിൽ ഇപ്പോൾ കുറവ് സംഭവിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ മേഖലയിൽ നിന്നും ലഭിക്കേണ്ട കേന്ദ്ര വൈദ്യുതിയുടെ അളവിലാണ് കുറവ് വന്നിരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ; | (എ) ഇപ്പോൾ കുറവ് സംഭവിച്ചിട്ടില്ല. |
| (ബി) പുറത്ത് നിന്ന് വൈദ്യുതി കൊണ്ടുവരാൻ ആവശ്യമായ ശൃംഖലാശേഷി ഇപ്പോൾ സംസ്ഥാനത്തിനുണ്ടോ ; വിശദാംശങ്ങൾ നല്കുമോ ; | (ബി) പുറത്ത് നിന്ന് വൈദ്യുതി കൊണ്ടുവരാൻ ആവശ്യമായ ശൃംഖലാശേഷി ഇപ്പോൾ കേരളത്തിനുണ്ട്. എന്നാൽ കൂടംകുളം ആണവ പദ്ധതി കമ്മീഷൻ ചെയ്യുമ്പോൾ കേരളത്തിനുള്ള വിഹിതം ഇടമണിൽ നിന്നും കൊച്ചിയിലെത്തിക്കുന്നതിന് വേണ്ടിയുള്ള ലൈനിൻെറ അപര്യാപ്തത നിലനില്ക്കുന്നുണ്ട്. കേരളത്തിലേയ്ക്ക് താഴെ പറയുന്ന അന്തർ സംസ്ഥാന പ്രസരണ ലൈനുകൾ വഴി വൈദ്യുതി ലഭിക്കുന്നു. |

| ക്രമ നമ്പർ | ലൈനിൻെറ പേര് | വോൾട്ടേജ് ശേഷി |
|---|---|---|
| 1. | ഉദുമൽപ്പേട്ട് - മാടക്കത്തറ, ഇരട്ട സർക്യൂട്ട് | 400 കെ. വി |
| 2. | തിരുനെൽവേലി - തിരുവനന്തപുരം ഇരട്ട സർക്യൂട്ട് | 400 കെ.വി |
| | | |

| | | |
|---|---|---|
| 3. | ഇടുക്കി - ഉദുമൽപ്പേട്ട് ഒറ്റ സർക്യൂട്ട് | 220 കെ.വി |
| 4. | മൂഴിയാർ - തേനി ഒറ്റ സർക്യൂട്ട് | 220 കെ.വി |
| 5. | കണിയാംപ്പെറ്റ - കടക്കോള ഒറ്റ സർക്യൂട്ട് | 220 കെ. വി |
| 6. | ഇടമൺ - തിരുനെൽവേലി ഇരട്ട സർക്യൂട്ട് | 220 കെ. വി |
| 7. | പാറശ്ശാല - കുഴിത്തുറ ഒറ്റ സർക്യൂട്ട് | 110 കെ. വി |
| 8. | മഞ്ചേശ്വരം - കൊനാജ് ഒറ്റ സർക്യൂട്ട് | 110 കെ.വി |
| 9. | ചുള്ളിയാർ- മണ്ണുക്കാട് ഇരട്ട സർക്യൂട്ട് | 400 കെ.വി |

പക്ഷേ പുറത്തുനിന്നും വൈദ്യുതി കേരളത്തിലേയ്ക്ക് എത്തിയ്ക്കുന്നതിനുള്ള അന്തർ മേഖല എച്ച്. വി. ഡി. സി പ്രസരണ ശൃംഖലയുടെയും ദക്ഷിണ ഇന്ത്യയിലെ 400 കെ.വി അന്തർ സംസ്ഥാന പ്രസരണ ശൃംഖലയുടെയും ശേഷി പരിമിതമായതിനാൽ കേരളത്തിനാവശ്യമായ വൈദ്യുതി ഇപ്പോൾ കൊണ്ടുവരുന്നതിന് ചില സന്ദർഭങ്ങളിൽ പ്രതിസന്ധി അനുഭവപ്പെടുന്നുണ്ട്.

(സി) കേന്ദ്രവിഹിതത്തിലെ കുറവ് പരിഹരിച്ച് സംസ്ഥാനത്തിന് അർഹമായ വൈദ്യുതി കേന്ദ്രത്തിൽ നിന്ന് ഉടൻ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

(സി) കേന്ദ്ര വിഹിതത്തിൽ കുറവ് വന്നിട്ടില്ല. 2011-12 വർഷത്തിൽ 135 മെഗാവാട്ട് വൈദ്യുതി കേരളത്തിന് അധികമായി ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.